(5) മോളമ്മയുടെ കൊലപാതകം

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, പ്രേതത്തെ ഒഴിവാക്കാൻ ക്രൂരമായ പീഡനങ്ങൾ നടത്തിയതുമൂലം മരണമടഞ്ഞ മോളമ്മയുടെ ഭീകരമായ കൊലപാതകത്തെക്കുറിച്ച് അറിയിക്കാനാണ് ഈ സഭയിൽ ഞാൻ ഇത് ഉന്നയിക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ മടത്തറ പഞ്ചായത്തിൽ പാലംപാടം എന്നസ്ഥലത്ത് കൈതമംഗലത്തു കുഞ്ഞൂട്ടി എന്ന തോമസിന്റെ വീട്ടിൽ ദുരാത്മാവിനെ ഒഴിവാക്കുന്നതിനുവേണ്ടി ചെന്നായിപാറ താമസം ശാരോൺ വീട്ടിൽ പ്രസാദ് (തോളൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ) എന്നയാളുടെ ഭാര്യ മോളമ്മയെ കൊണ്ടു വരികയും അവിടെ ആറേഴു ദിവസത്തോളം ഉപവാസ പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. വെളിപാട് വരാത്തതിനെ തുടർന്ന് ക്രൂരമായ പീഡനങ്ങൾ ഏൽപ്പിക്കുകയും, നാവ് പിടിച്ച് വലിക്കുകയും, മുടി ചുറ്റിപിടിച്ച് ചുവരിൽ ഇടിക്കുകയും അങ്ങനെ പല അക്രമങ്ങളും നടത്തുകയും ചെയ്തതിന്റെ ഫലമായി ഇക്കഴിഞ്ഞ 15-11-1986-ൽ മോളമ്മ മരണമടഞ്ഞു. ഞാൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി മൃതദേഹം കണ്ടു. മുഖത്തും തലയിലും പല പരിക്കുകളും കാണുകയുണ്ടായി. ഈ വെളിപാട് കർമ്മം നടത്തിയത് കുഞ്ഞൂട്ടിയെന്ന തോമസിന്റെ ഭാര്യ ഏലിയാമ്മ ടീച്ചറാണ്. ഉവളിപ്പാട് കർമ്മത്തിൽ മോളമ്മയുടെ ഭർത്താവ് പ്രസാദും, പിതാവ് പാസ്റ്റർ അലക്സാണ്ടറും, അമ്മ, സഹോദരൻ തുടങ്ങി പലരും പ്രേതബാധ ഒഴുവാക്കുന്നതിനുള്ള പ്രാർത്ഥനയിലും ഉപവാസത്തിലും പങ്കെടുക്കുകയുണ്ടായി. മോളമ്മയെ 5 വർഷം മുൻപാണ് വിവാഹം കഴിച്ചത്. മോളമ്മ പ്രസവിക്കാത്തതു കാരണം പ്രേതബാധമൂലമാണെന്ന് ഏലിയാമ്മ പറഞ്ഞതിനെ തുടർന്നാണ് ഏലിയാമ്മയുടെ വീട്ടിൽ പ്രേതബാധ ഒഴിവാക്കുന്നതിനുള്ള കർമ്മങ്ങൾ നടത്തിയത്. മരണം സംഭവിക്കുന്നതിന്റെ തലേ ദിവസം ബഹളം കേട്ടു നാട്ടുകാരിൽ പലരും ഓടിചെന്നു. അടഞ്ഞു കിടന്നിരുന്ന ജനാലയുടെ പഴുതിൽ കൂടി നോക്കിയപ്പോൾ ക്രൂരമായ പീഡനങ്ങൾ നടത്തുന്നത് കണ്ടിട്ടുള്ളവർ ദൃക്സാക്ഷികളായിട്ടുണ്ട്. അവർ പോലീസിൽ പരാതി കൊടുത്തതിന്റെ ഫലമായിട്ടു പോലീസ് വന്നു നാട്ടുക്കാരുടെ സഹായത്തോടുകൂടി നോക്കിയപ്പോൾ മോളമ്മ പൂർണ്ണ നഗ്നയായി മരിച്ച നിലയിൽ കിടക്കുന്നതാണ് കാണപ്പെട്ടത്. ഉടനെ തന്നെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. എന്നാൽ ആശുപത്രിയിൽ എത്തുന്നതിന് മുൻപ് മോളമ്മ മരിച്ചു കഴിഞ്ഞിരുന്നു. ഈ സംഭവം ഒരു കൊലപാതകമെന്ന് സംശയിക്കുന്നതിനാൽ ആ പ്രദേശത്തെ ജനങ്ങൾക്കുണ്ടായിരുന്ന ഉൽകണ്ഠ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ പ്രദേശത്തുള്ള ആളുകൾ ഇന്ന് കണ്ണീരും കയ്യുമായി കഴിഞ്ഞു കൂടുകയാണ്. ആ പ്രദേശത്തുള്ള അബാലവൃദ്ധം ജനങ്ങളും ഇന്നു ദുഃഖത്തിലാണ്. ഇത്ര ക്രൂരമായ സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടിയെടുക്കണം. സംഭവത്തിനു ഉത്തരവാദികളായവരെ ഉടൻ തന്നെ അറസ്റ്റു ചെയ്തു നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു കൊണ്ട് ആ പ്രദേശത്തുള്ള ജനങ്ങളുടെ സംരക്ഷണത്തിനു വേണ്ടി ഇത്തരം സംഭവങ്ങൾ ഇനി ഒരിക്കലും ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടി എടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, പീച്ചിയിൽ ചെന്നിപ്പാറദേശത്തു ജോൺസനും മോളമ്മയും തമ്മിൽ വിവാഹിതരായിട്ട് 6 വർഷമായി. ജോൺസൻ, തോളൂർ പഞ്ചായത്തിൽ എക്സിക്യൂട്ടീവ് ആഫീസറാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്കു കുഞ്ഞുങ്ങളില്ല. ഇവർ പെന്തെക്കോസ്ത് സഭയിൽപ്പെട്ടവരാണ്. മോളമ്മയ്ക്കു പ്രേതബാധയുണ്ടെന്നു കരുതി മോളമ്മയെ ചാലം പാടത്തു കല്യാണകുന്നേൽ കുഞ്ഞൂട്ടി എന്നു പറയുന്ന തോമസിന്റെ വീട്ടിലേക്കു ചികിൽസയ്ക്കായി 10-11-1986-ൽ ജോൺസൺ കൂട്ടിക്കൊണ്ടുപോയി. വീട്ടുടമയായ പാസ്റ്റർ തോമസും അയാളുടെ ഭാര്യ ഏലിയാമ്മയും, പൗലോസ് എന്നു വിളിക്കുന്ന ജോയിയുമാണ് മോളമ്മയെ ചികിൽസിച്ചത്. പ്രാർത്ഥനയും ശാരീരിക പീഡനവുമായിരുന്നു ചികിൽസാ രീതി. 15-11-1986 രാവിലെ 11.30-ന് മോളമ്മ ബോധരഹിതയായി. വിവരമറിഞ്ഞ അയൽവാസികളും പോലീസിൽ അറിയിക്കുകയുണ്ടായി. പോലീസ് സ്ഥലത്തുവന്നു. മോളമ്മയെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു എങ്കിലും ഡോക്ടർ പരിശോധിച്ച് മോളമ്മ മരിച്ചുപോയതായി പറഞ്ഞു. ഇതിലേക്ക് 15-11-1986-ൽ ക്രൈം നമ്പർ 206/86 അൺ ആക്ച്വൽ ഡെത്ത് ആയി മണ്ണുത്തി പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചു. ഇൻക്വസ്റ്റ് തയ്യാറാക്കി മൃതദേഹം പോസ്റ്റുമോർട്ടത്തിനു തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അയച്ചു. പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർ ഇതൊരു കൊലപാതകമാണെന്ന് അഭിപ്രായപ്പെട്ടു. അതനുസരിച്ച് സെക്ഷൻ 302/86/ഐ. പി. സി. പ്രകാരം അന്വേഷണം തുടരും. പ്രതികളായ ജോൺസനെയും ഏലിയാമ്മയെയും 16-11-1986 വൈകിട്ട് 7.15 ന് അറസ്റ്റു ചെയ്യുകയുണ്ടായി. മൂന്നാംപ്രതി പാസ്റ്റർ ഒളിവിലാണ്. അന്വേഷണം തുടർന്നു വരുന്നു.

(6) വെള്ളിക്കുളങ്ങര പോലീസ് എസ്. ഐ.–യെപ്പറ്റിയുള്ള പരാതി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, തൃശ്ശൂർ ജില്ലയിൽ വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ വഴിത്തർക്കം സംബന്ധിച്ച് ഒരു പരാതിയുമായി ചെന്ന പള്ളത്തേരി ഗോപാലന്റെ ഭാര്യ 38 വയസുള്ള കല്യാണിയെ വീട്ടിൽ വിളിച്ചു വരുത്തി കഴിഞ്ഞ 9-ാം തീയതി പട്ടാപ്പകൽ ബലാൽസംഗത്തിനായി എസ്. ഐ. കൈയ്ക്കു കടന്നു പിടിച്ചു. കല്യാണി മാനവും ജീവനും രക്ഷിക്കാൻ വേണ്ടി എസ്. ഐ.-യെ കടിച്ചു കുതറി ഓടി രക്ഷപ്പെടുകയുണ്ടായി. കഴിഞ്ഞ 13-ാം തീയതി രാത്രി എതിർ കക്ഷികളും പോലീസിന്റെ പ്രേരണയോടെ കല്യാണിയുടെ ഇടതു കൈ തല്ലിഒടിച്ചും തലയിൽ കല്ലെറിഞ്ഞും പരിക്കേൽപ്പിച്ചു. മകൻ ജവാനെ മർദ്ദിച്ചു. ഇരുവരും തൃശ്ശൂർ ജില്ലാ ആശുപത്രിയിലാണ്. കല്യാണിയുടെ ഭർത്താവ് ജവാനായിരുന്നു. 16 കൊല്ലം മുമ്പ് മരിച്ചു. കല്യാണിയുടെ ഒരു കണ്ണിനു കാഴ്ചയില്ല. ജവാനിയും ജയയും രണ്ടു പെൺകുട്ടികളും ജവാൻ ഒരു ആൺകുട്ടിയുമാണ് കല്യാണിക്കുള്ളത്. അവർ രണ്ടാഴ്ചയായി ഇതുവരെ വീട്ടിൽ കയറിയിട്ടില്ല. ഇളയ രണ്ടു കുട്ടികളും ഇതുവരെ സ്കൂളിൽ പോകുന്നില്ല. അപമാനഭാരം കൊണ്ട് കല്യാണി ക്ഷീണം കഴിച്ചിട്ട് 10 ദിവസമായി, തളർന്നു കിടക്കുകയാണ്. ഞാൻ ആശുപത്രിയിൽ പോയി ഇവരെ കണ്ടു. കല്യാണിയിൽ നിന്നും എസ്. ഐ. 50 രൂപ കൈക്കൂലി വാങ്ങി. ബലാൽസംഗത്തിന് ശ്രമിക്കുന്നതിനു മുമ്പ് 50 രൂപ മടക്കി കൊടുത്തു. രൂപയല്ല വേണ്ടതു നിന്റെ ശരീരമാണെന്ന് പറഞ്ഞ് കടന്നു പിടിച്ചു. കല്യാണി നിലവിളിച്ചപ്പോഴേക്കും കഴുത്തിൽ ഞെക്കി ശ്വാസം മുട്ടിച്ചു. എസ്. ഐ.-യുടെ മുണ്ട് അഴിഞ്ഞ് താഴെ വീണതറത്തിൽ കല്യാണി ജീവനും കൊണ്ട് ഓടി. ആ ജവാന്റെ കുടുംബത്തോട് കണ്ണു കാണാത്ത ആ സ്ത്രീയോട് കണ്ണിൽചോരയില്ലാത്തവിധം അതിക്രൂരമായിട്ട് പോലീസും എതിർ കക്ഷികളും പ്രവർത്തിച്ചത്. പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly